# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

## പ്രവചന കാലയളവ് 18.10.2025 മുതൽ 22.10.2025 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 42/2025 (83) വെള്ളിയാഴ്ച | തീയ്യതി 17/10/2025 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 18.10.2025 | 19.10.2025 | 20.10.2025 | 21.10.2025 | 22.10.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 2 | 2 | 3 | 2 | 1 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 30 | 30 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 98 | 98 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 90 | 90 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 3 | 2 | 2 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 70 | 90 | 70 | 160 | 110 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 7 | 8 | 7 | 7 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത. 2025 ഒക്ടോബർ 17 മുതൽ 21 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ ശക്തമായ കാറ്റിന് സാധ്യത.

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ:-. സ്പ്രേയിങ്ങും വളപ്രയോഗവും കഴിവതും തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം ചെയ്യുക. കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക. കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) ഞാറ് പരുവം | പരിചരണം | അടിവളം ചേർക്കാത്ത പാടങ്ങളിൽ ഞാറു നട്ട് 10 ദിവസത്തിനുള്ളിൽ ഒന്നാം വളം ചേർക്കുന്നതിനോടൊപ്പം ലോണ്ടാക്സ് പവർ 4 കിലോഗ്രാം ഒരു ഏക്കറിന് എന്ന കണക്കിൽ കലർത്തി പാടത്തു ഇട്ടുകൊടുക്കാവുന്നതാണ്. അടിവളം ചേർത്ത പാടങ്ങളാണെങ്കിൽ വളത്തിനു പകരം മണലുമായി കലർത്തി ഇവ വിതറിക്കൊടുക്കാം. അല്ലെങ്കിൽ ബ്യൂട്ടാക്ലോർ + പെനോക്സുലം എന്ന കളനാശിനി 800 ml ഒരു ഏക്കറിന് എന്ന കണക്കിൽ ഞാറു നട്ടതിനു ശേഷമോ വിതയ്ച്ചതിനു ശേഷമോ 6 മുതൽ 8 ദിവസത്തിനുള്ളിൽ കൊടുക്കാം. അല്ലെങ്കിൽ പൈറസോസൽഫ്യൂറാൻ എന്ന കളനാശിനി 80 - 120 ഗ്രാം ഒരു ഏക്കറിന് എന്ന കണക്കിൽ ചേർത്ത് കൊടുക്കാവുന്നതാണ്. ചേറ്റുവിതയിൽ വരിനെല്ലിനെതിരെ നിലം തയ്യാറാക്കി പാടത്തു വെള്ളം കയറ്റി നിർത്തിയിട്ട് ഓക്സിഫ്ലൂർഫെൻ എന്ന കളനാശിനി 1.5 ml ഒരു ലിറ്റർ വെള്ളത്തിന് എന്ന കണക്കിൽ തളിച്ച് കൊടുക്കാം. പിന്നീട് 4 മണിക്കൂറിനു ശേഷം മുളപ്പിച്ച വിത്ത് വിതയ്ക്കാം. |
| പയർ | മുഞ്ഞ | പയറിലെ മുഞ്ഞയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2 % വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മാവ് | തുള്ളൻ | മാവിൽ തുള്ളന്റെ ആക്രമണം കണ്ടുവരുന്നുണ്ട്. ഇതിന്റെ ആക്രമണത്തിന് മുൻകരുതലായി മെറ്റാറൈസിയം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. ആക്രമണം കണ്ടു തുടങ്ങിയാൽ 1% അസാഡിറാക്ടിൻ 2ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ അല്ലെങ്കിൽ തയോമെതോക്സാം 2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിച്ചുകൊടുക്കുക. |

മൃഗസംരക്ഷണം-: അകിടുവീക്കം തടയാൻ പശുവിന്റെ അകിടും, കറവക്കാരന്റെ കൈകളും വൃത്തിയായി കഴുകിയതിന് ശേഷം കറവ ആരംഭിക്കുക. കറവക്കുശേഷം അകിട് അണുവിമുക്തമാക്കുന്നതിന് പൊട്ടാസ്യം പെർമാംഗനേറ്റ് ലായനി 1:1000 എന്ന അനുപാതത്തിൽ വെള്ളത്തിൽ ചേർത്ത് ഉപയോഗിക്കാവുന്നതാണ്.